(Pages : 4) **J – 4029**

**Reg. No. : .............................**

**Name : ..................................**

## Second Semester M.A. Degree Examination, May 2020

## Malayalam Language and Literature

## ML 221 : ആധുനികസാഹിത്യം - ഗദ്യം

## (2019 Admission)

Time : 3 Hours Max. Marks : 75

I. ഓരോ ചോദ്യത്തിനും **രണ്ടു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

1. (a) 'ഏണിപ്പടികൾ കയറി ലക്ഷ്യപ്രാപ്തിയിലെത്തുന്ന സ്വാർത്ഥതയുടെ പ്രതീകമാണ് കേശവപ്പിള്ള' - വിവരിക്കുക.

അല്ലെങ്കിൽ

(b) ഉറ്റവരുടെ നടുക്കായിരുന്നെങ്കിലും തികച്ചും ഏകാകിനിയായിരുന്നു രമണി ഇങ്ങനെ പറയാൻ കാരണമെന്ത്? വ്യക്തമാക്കുക.

2. (a) ഇന്ദുലേഖയിലെ സാമൂഹ്യപശ്ചാത്തലം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) രാമരാജബഹദൂറിലെ കേശവനുണ്ണിത്താന്റെ സ്വഭാവം നിരൂപണം ചെയ്യുക.

3. (a) അദ്ധ്യാപനജീവിതത്തിന്റെ ദൈന്യത കാൽചക്രം എങ്ങനെ അവതരിപ്പിച്ചിരിക്കുന്നു?

അല്ലെങ്കിൽ

(b) ബഷീറിന്റെ നർമ്മം കലർന്ന ആഖ്യാനം ബാല്യകാലസഖിയെ എങ്ങനെ സവിശേഷമാക്കുന്നു?

P.T.O.

gcwcentrallibrary.in

4. (a) വിദ്യാർത്ഥി കാലഘട്ടത്തെ മുണ്ടശ്ശേരി അനുസ്മരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) 'ഒരു പൊട്ട ഭാഗ്യം' എന്ന കഥയുടെ പ്രമേയമെന്താണ്?

5. (a) 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകനാമത്തിന്റെ പശ്ചാത്തലമെന്ത്?

അല്ലെങ്കിൽ

(b) ബി.എ. മായാവിയിലെ സോമൻ നായരുടെ ജീവിതവേദാന്തമെന്താണ്?

6. (a) മനുഷ്യന്റെയും മൃഗങ്ങളുടെയും ജീവിതദൈന്യമാണ് ഹീനജന്മം അവതരിപ്പിച്ചത് വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) സഹനം കൊണ്ട് ഉരുകിത്തീർന്നവരുടെ കഥകളാണ് ലളിതാംബിക അന്തർജ്ജനത്തിന്റേത് - വിവരിക്കുക.

7. (a) ''പിന്നെ കായ്ക്കുന്നത് കാഞ്ഞിരയ്ക്കാ ആയാലും വേണ്ടില്ല. ഫലവൃക്ഷം ചോലവൃക്ഷത്തിനു മേലെയാണെന്നല്ലേ വയ്പ്പ്'' - ആശയം വ്യക്തമാക്കുക.

അല്ലെങ്കിൽ

(b) 'ചക്രാന്തി അട' എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

**(7 × 3 = 21 Marks)**

II. **നാലു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

8. (a) സാഹിത്യപഞ്ചാനനന്റെ ജീവിതചിത്രം വിവരിക്കുക.

അല്ലെങ്കിൽ

(b) ആവിഷ്കരണത്തിലെ പുതുമ അമേരിക്കയിലൂടെ എന്ന യാത്രാവിവരണത്തെ എങ്ങനെ വ്യത്യസ്തമാക്കുന്നു?



gcwcentrallibrary.in

9. (a) മുട്ടത്തുവർക്കിക്കഥകളുടെ ജനപ്രിയ ആഖ്യാനരീതി എങ്ങനെയെന്ന് വിവരിക്കുക.

അല്ലെങ്കിൽ

(b) വിവരണാത്മക സ്വഭാവം പുലർത്തുന്നവയാണ് കെ. സുകുമാരന്റെ കഥകൾ - 'കൂനിയുടെ ചികിത്സ' ആസ്പദമാക്കി വിവരിക്കുക.

10. (a) ആദ്യകാല മലയാളകഥയുടെ ആഖ്യാന സവിശേഷതകൾ എന്തെല്ലാമെന്ന് വിവരിക്കുക.

അല്ലെങ്കിൽ

(b) രണ്ടു തലമുറകളുടെ സംസ്കാരങ്ങൾ തമ്മിലുള്ള സംഘർഷത്തെ ഇന്ദുലേഖയിൽ അവതരിപ്പിച്ചതെങ്ങനെ? വിവരിക്കുക.

11. (a) ദുരന്തനായകനായി രാവണന്റെ ഗംഭീരചിത്രം ലങ്കാലക്ഷ്മിയിൽ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

അല്ലെങ്കിൽ

(b) ആ മനുഷ്യൻ നീ തന്നെ എന്ന നാടകത്തിലെ ഭാഷയുടെ സവിശേഷതകൾ വിശദീകരിക്കുക.

12. (a) ബഷീർകൃതികൾ അനുപമമായ മനുഷ്യസ്നേഹത്തിന്റെ കൂടി കഥകളാണ്. ബാല്യകാലസഖി ആസ്പദമാക്കി വിവരിക്കുക.

അല്ലെങ്കിൽ

(b) രാമരാജബഹദൂർ അടിസ്ഥാനമാക്കി സി.വി.യുടെ രചനാചാതുരി വിവരിക്കുക.

**(5 × 6 = 30 Marks)**

III. **അഞ്ചു** പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

13. (a) മലയാളനാടകചരിത്രത്തിൽ ലങ്കാലക്ഷ്മി എന്ന നാടകത്തിന്റെ പ്രാധാന്യം വിശദീകരിക്കുക.

അല്ലെങ്കിൽ

(b) ആ മനുഷ്യൻ നീ തന്നെ നാടകസങ്കല്പത്തിൽ വരുത്തിയ പരിവർത്തനങ്ങൾ വിവരിക്കുക.



gcwcentrallibrary.in

14. (a) മലയാള ചെറുകഥയുടെ ആദ്യഘട്ടം ആ കാലഘട്ടത്തിന്റെ സാമൂഹിക പരിതോവസ്ഥകളെ എങ്ങനെ പ്രമേയമാക്കി - പരിശോധിക്കുക.

അല്ലെങ്കിൽ

(b) പ്രാരംഭദശയിൽ സ്വഭാവികമായുണ്ടാകാവുന്ന പോരായ്മകൾ മലയാള നോവൽപ്രസ്ഥാനത്തെ ബാധിച്ചതേയില്ല - സ്വാഭിപ്രായം സ്ഥാപിക്കുക.

15. (a) ''കൊഴിഞ്ഞ ഇലകൾ മുഴുവൻ കാറ്റത്തു പറന്നുപോകുമോ ഇല്ല നല്ലൊരുഭാഗം കടയ്ക്കൽതന്നെ കിടന്നു പാകപ്പെട്ടു പുതിയ ഇലകൾ നാമ്പെടുക്കുന്നതിനു വളമായിത്തീരും അത്തരം ഇലകളെ മാത്രമേ ഞാൻ ഇതിൽ അടിച്ചുകൂട്ടിയിട്ടുള്ളു'' - ആത്മകഥയെക്കുറിച്ചുള്ള മുണ്ടശ്ശേരിയുടെ നിരീക്ഷണം എത്രത്തോളം പൂർണ്ണമാണ് പരിശോധിക്കുക.

അല്ലെങ്കിൽ

(b) മലയാളത്തിലെ ജീവചരിത്രകാരന്മാരുടെ മുൻപന്തിയിൽ പി.കെ. പരമേശ്വരൻ നായരെ എത്തിച്ച കൃതിയാണ് സാഹിത്യപഞ്ചാനനൻ വിശദീകരിക്കുക.

**(3 × 8 = 24 Marks)**

---

gcwcentrallibrary.in